**അയർലൻഡിൽ സീറോ മലബാർ ഡബ്ലിൻ ഇടവകയുടെ നേതൃത്വത്തിൽ "മരണാനന്തര സഹായ നിധി"യുടെ പ്രവർത്തനത്തിലൂടെ, ഇടവക, പുത്തൻ ആത്മീയ പാതയിൽ.**

അയർലൻഡിൽ; ആകസ്മിക മരണം സംഭവിക്കുന്ന മലയാളികളായവർക്കും, അവരുടെ ബന്ധുക്കൾക്കും സ്വാന്തന ഹസ്തവുമായി ഡബ്ലിനിലെ സീറോ മലബാർ ഇടവക സമൂഹം മുന്നോട്ടു വന്നിരിക്കുന്നു.

ഉപജീവനത്തിനും, പഠനങ്ങൾക്കുമായി ഭാരതത്തിൽ നിന്നുമുള്ള വർദ്ധിക കുടിയേററങ്ങൾക്കനുസൃതമായി അവിചാരിത മരണങ്ങളും നമ്മുടെ സഹോദരരിൽ സംഭവിയ്ക്കുന്നതു, ഇങ്ങനെ ചിന്തിക്കുവാൻ ഇടവകാംഗങ്ങളെ പ്രേരിതരാക്കി. ഏതെങ്കിലും വ്യക്തിയ്ക്കു പെട്ടെന്നുണ്ടാവുന്ന മരണങ്ങളിൽ, അവർക്കു ആത്മീയവും, സാമ്പത്തികവുമായ സഹായങ്ങൾ ചെയ്തു കൊടുക്കുവാനായി, "മരണാനന്തര സഹായ സമിതി" എന്ന പേരിൽ ഇടവക വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിക്കുകയും, സാമ്പത്തിക സഹായ കാര്യങ്ങൾക്കു വേണ്ടി ബാങ്ക് ഓഫ് അയർലൻഡിൽ അക്കൗണ്ടു തുടങ്ങുകയും ചെയ്തു.

സമിതി നിലവിൽ വന്നതിനു ശേഷം ഇടവക ഏറ്റെടുത്ത അടിയന്തിര സഹായങ്ങളാണു, വാഹനാപകടത്തിൽ മരണപ്പെട്ട ബീന ജേക്കബിന്റേയും, രോഗത്താൽ മരിച്ച ഡാനിയേൽ എന്ന പൈതലിന്റേയും മൃതദേഹം നാട്ടിൽ എത്തിയ്ക്കുവാൻ വേണ്ട മുഴുവൻ സാമ്പത്തിക സഹായങ്ങളും ചെയ്തു കൊടുത്തത്. ഇതിനും പുറമെ മരിച്ച വ്യക്തിയുടെ വീടു സന്ദർശിച്ച്, മറ്റു ബന്ധുമിത്രങ്ങളെ ആശ്വസിപ്പിക്കുവാനും, മതപരമായ ശുശ്രൂഷകൾ നടത്തുവാനും ഇടവക വൈദീകരുടെ നേതൃത്വത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കുന്നു.

"മരണാനന്തര സഹായ നിധി" യുടെ പ്രവർത്തനങ്ങൾ നിയന്ത്രിയ്ക്കപ്പെടുന്നതു, എഴുതപ്പെട്ട ബൈലോയക്കനുസ്രുതമായാണ്. പ്രത്യേക അക്കൗണ്ടും, ഭരണ സമിതിയും ഇടവക വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിയ്ക്കുന്നു.

ഈ കാരുണ്യപ്രവർത്തിയിൽ ഭാഗഭാക്കുകാരാകുവാൻ സന്മനസ്സുള്ളവർക്ക് എപ്പോൾ വേണമെങ്കിലും ഈ അക്കൗണ്ടിൽ സംഭാവനകൾ നിക്ഷേപിയ്ക്കാമെന്നു ഇടവക വികാരിയച്ചന്മാരായ റവ.ഫാ. മാത്യു അറയ്ക്കപ്പറമ്പിൽ, റവ.ഫാ. മനോജ് പൊൻകാട്ടിൽ എന്നിവർ അറിയിക്കുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ വൈദീകരെ നേരിൽ ബന്ധപ്പെടാമെന്നും തുടർന്നറിയിക്കുന്നു.

അക്കൗണ്ടു നമ്പർ – 96 59 21 85

പേര്: Syro Malabar Maranasahaya Nidhi

സോർട്ട് കോഡ് – 90 00 17

ബാങ്ക് ഓഫ് അയർലൻഡ്.